പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1957 *16.06.2014*-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി രാത്രികാല ബസ്സ് സർവ്വീസ് റദ്ദാക്കൽ

ചോദ്യം | ഉത്തരം

ശ്രീ. എം. ഉമ്മർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗ്രാമീണ മേഖലയിൽ കെ.എസ്.ആർ.ടി.സി.-യുടെ രാത്രികാല ബസ്സ് സർവ്വീസുകൾ കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വരുമാനം കുറവാണെങ്കിലും ഗ്രാമീണമേഖലയിലേക്കും പ്രാന്തപ്രദേശങ്ങളിലേക്കുമുള്ള സ്റ്റേ സർവ്വീസുകൾ പരമാവധി കൃത്യമായി ഓപ്പറേറ്റ് ചെയ്യാറുണ്ട്. ബസ്സിന്റെ കുറവ് അനുഭവപ്പെടുമ്പോഴാണ് തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ സാധാരണഗതിയിൽ താൽക്കാലികമായി റദ്ദ് ചെയ്യാറുള്ളത്. ഇതിൽ സ്റ്റേ സർവ്വീസുകളെ പരമാവധി ഒഴിവാക്കാറുണ്ട്. |
| (ബി) | ഇത്തരത്തിൽ രാത്രികാലസർവ്വീസുകൾ റദ്ദാക്കുന്നതിന് എത്ര ദിവസത്തെ കളക്ഷൻ പഠനവിധേയമാക്കാറുണ്ട്; | | |
| (സി) | 2014 മെയ്മാസം 15-ാം തീയതി ഇത്തരത്തിൽ എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്; തിരുവനന്തപുരം ജില്ലയിലെ ഡിപ്പോ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (സി) | 2014 മെയ് മാസം 15-ാം തീയതി തിരുവനന്തപുരം ജില്ലയിലെ യൂണിറ്റുകളിൽ റദ്ദ് ചെയ്ത സർവ്വീസുകളുടെ വിവരം.<br>1. ആര്യനാട് - 3 എണ്ണം<br>2. ആറ്റിങ്ങൽ - 11 എണ്ണം<br>3. കണിയാപുരം - 15 എണ്ണം<br>4. കാട്ടാക്കട - 12 എണ്ണം<br>5. കിളിമാനൂർ - 11 എണ്ണം<br>6. നെടുമങ്ങാട് - 8 എണ്ണം<br>7. നെയ്യാറ്റിൻകര - 14 എണ്ണം<br>8. പാലോട് - 3 എണ്ണം<br>9. പാപ്പനംകോട് - 41 എണ്ണം<br>10. പാറശ്ശാല - 11 എണ്ണം |

| | | | |
|---|---|---|---|
| | | | 11. പേരൂർക്കട - 30 എണ്ണം<br>12. പൂവാർ - 19 എണ്ണം<br>13. തിരുവനന്തപുരം സെൻട്രൽ - ഇല്ല<br>14. തിരുവനന്തപുരം സിറ്റി - 44 എണ്ണം<br>15. വെള്ളനാട് - 14 എണ്ണം<br>16. വെള്ളറട - 7 എണ്ണം<br>17. വെഞ്ഞാറമൂട് - 21 എണ്ണം<br>18. വികാസ്ഭവൻ - 30 എണ്ണം<br>19. വിതുര - 8 എണ്ണം<br>20. വിഴിഞ്ഞം - 16 എണ്ണം |
| (ഡി) | പാലോട് ഡിപ്പോയിൽ പ്രസ്തുത തീയതിയിൽ ബസ്സ് റദ്ദാക്കിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (ഡി) യും (ഇ) യും | പരാതി ലഭിച്ചതായി കാണുന്നില്ല. എന്നാൽ പാലോട് ഡിപ്പോയിൽ അന്നേ ദിവസം ആകെയുള്ള 37 സർവ്വീസിൽ 34 എണ്ണം ഓപ്പറേറ്റ് ചെയ്തിരുന്നു. ബസ്സിന്റെ കുറവ് കാരണം 3 സർവ്വീസ് ഓപ്പറേറ്റ് ചെയ്തിരുന്നില്ല. |
| (ഇ) | ഉണ്ടെങ്കിൽ ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ